പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2629

17.10.20106 ൽ മറുപടി
നൽകേണ്ടിയിരുന്നത്

# സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

| ചോദ്യം<br>ശ്രീ.കെ എസ്.ശബരീനാഥൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനങ്ങൾക്കായുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്ന് നിലവിൽ വന്നുവെന്നും എത്ര ഒഴിവുകൾ ഇപ്പോൾ ഉണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വിശദമാക്കാമോ; | (എ) | ഉണ്ട്.<br>17.10.2016 തീയതിയിൽ നിലവിലുണ്ടായിരുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് 08.04.2016 തീയതിയിൽ നിലവിൽ വരികയും പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 08.04.2019-ൽ അവസാനിക്കുകയും ചെയ്യും. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് 2016 ൽ 225 ഒഴിവുകളാണ് ഉണ്ടായിരുന്നത്. ആയതിൽ 225 പേർക്ക് നിയമനശുപാർശ നൽകുകയും ചെയ്തു. കൂടാതെ 2016 നു മുൻപ് ഭിന്നശേഷിക്കാർക്കായി മാറ്റി വെച്ച 3 NCA ഒഴിവുകളിലേക്ക്, പ്രത്യേകം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നൽകിയിരുന്നു. |
| (ബി) | മുൻ വർഷങ്ങളിലെ നിയമനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒഴിവുകളിൽ ഉണ്ടാകുന്ന കുറവിന് കാരണം വ്യക്തമാക്കാമോ; | (ബി) | വിരമിക്കുന്ന ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് ഒഴിവുകൾ ഉണ്ടാകുന്നത്. |
| (സി) | ഒഴിവുകൾ മുൻകൂറായി കണക്കാക്കി നിയമനങ്ങൾ നടത്താറുണ്ടോ; ഉണ്ടെങ്കിൽ വകുപ്പ് തിരിച്ചുള്ള മുൻകൂർ ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ; | (സി) | ഒഴിവുകൾ മുൻകൂറായി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.<br>2016 ജനുവരി മുതൽ ഡിസംബർ വരെ പൊതുഭരണ വകുപ്പിൽ ഉണ്ടാകുന്ന 67 വിരമിക്കൽ ഒഴിവുകൾ മുൻകൂറായി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എൻക്വയറി കമ്മീ |

| | | | |
|---|---|---|---|
| | | | ഷണർ & സ്പെഷ്യൽ ജഡ്ജ്, ഫിനാൻസ് സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ നിന്നായി 2016 ജനുവരി മുതൽ 2016 ഡിസംബർ വരെ 59 ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്തിരുന്നു. |
| (ഡി) | പി എസ് സി , ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവിടങ്ങളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | പി എസ് സി, ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവിടങ്ങളിൽ നിന്നും തസ്തികകൾ സൃഷ്ടിക്കുന്നത് ആവശ്യമാണെന്ന് കണ്ടാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ ആശ്രിത നിയമനം, സ്പോർട്സ് ക്വാട്ട, തസ്തികമാറ്റം, പ്രത്യേക ഉത്തരവ് എന്നിവയിലൂടെ നിയമനം നൽകുന്നവരുടെ ശതമാനം എത്രയാണെന്ന് വിശദമാക്കാമോ; ആകെ ഒഴിവുകളിൽ എത്ര ശതമാനം പേർക്ക് പി എസ് സി വഴി നിയമനം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഇ) | ആശ്രിത നിയമനം 5%, താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റം 4%, കമ്പ്യൂട്ടർ അസിസ്റ്റന്റ് / സി എ തസ്തികയിലുള്ളവരുടെ തസ്തികമാറ്റം 20% എന്നിങ്ങനെ നിയമനം നൽകുന്നു. കൂടാതെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി വിജ്ഞാപനം ചെയ്യുന്ന ആകെ തസ്തികകളുടെ 10% സബോർഡിനേറ്റ് സർവ്വീസിലെ അസിസ്റ്റന്റ് തസ്തികകളിലെ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഒഴിവുകൾ കിഴിച്ചുള്ള മുഴുവൻ ഒഴിവുകളിലും പി എസ് സി വഴി നിയമനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ